724

**തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം**
(ഹാജർ: സുമതി.കെ)

വിഷയം:- ജില്ലാ പഞ്ചായത്ത് പദ്ധതി - പ്രൊജക്റ്റ് നമ്പർ SO 512/18 - സ്കൂൾ ലൈബ്രറി ശാക്തീകരണം - ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന:- ജില്ലാ പഞ്ചായത്ത് പ്രൊജക്റ്റ് നമ്പർ SO 512/18

**ഉത്തരവ് നമ്പർ എച്ച്3/23813/2017 തീയ്യതി 15/01/2018**

സൂചന പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള 58 ഹൈസ്കൂളുകൾക്കും, 53 ഹയർ സെക്കണ്ടറി സ്കൂളുകൾക്കും, 14 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ലൈബ്രറി പുസ്തകം വാങ്ങുന്നതിനായി 15 ലക്ഷം രൂപ അടങ്കലുള്ള പ്രൊജക്റ്റിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

മേൽ സൂചിപ്പിച്ച ജില്ലാ പഞ്ചായത്തിന് കീഴിലുള്ള 125 സ്കൂളുകൾക്കും ലൈബ്രറി പുസ്തകം വാങ്ങുന്നതിന് അനുബന്ധ ലിസ്റ്റ് പ്രകാരം ആകെ 15 ലക്ഷം രൂപ മാത്രം അനുവദിച്ച് ഉത്തരവാകുന്നു.

പുസ്തകങ്ങൾ വാങ്ങുമ്പോൾ 30% കമ്മീഷനോടുകൂടി വാങ്ങേണ്ടതും കമ്മീഷൻ ലഭിക്കുന്ന തുകക്ക് കൂടി പുസ്തകം വാങ്ങേണ്ടതാണ്. സയൻസ് വിഷയം, ഐ.ടി വിഷയം, സാഹിത്യം, ഭാഷാ പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിന് തുല്യ പ്രാമുഖ്യം നൽകേണ്ടതാണ്. സ്കൂൾ മേധാവികൾ അവരവർക്കനുവദിച്ച തുകക്കുള്ള പുസ്തകങ്ങൾ വാങ്ങി അസ്സൽ ബില്ല്, സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകങ്ങൾ ചേർത്ത പേജിന്റെ പകർപ്പ് തുടങ്ങിയവ ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ രേഖകൾ സമർപ്പിക്കുന്നവർക്ക് അവരവർക്കനുവദിച്ച തുക ബില്ല് മാറി ട്രഷറി മുഖേന അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതാണ്.

A6
25.1.18
25/1/18
26.1.18

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്
ജില്ലാ പഞ്ചായത്തിന് കീഴിലുള്ള
സ്കൂളുകൾ.

പകർപ്പ് :
1. ജില്ലാ ട്രഷറി ആഫീസർ, തൃശ്ശൂർ.
2. സെക്രട്ടറി,
   തൃശ്ശൂർ ജില്ലാ പഞ്ചായത്ത്.
3. അസിസ്റ്റന്റ് ഡയറക്ടർ,
   വി.എച്ച്.എസ്.ഇ.
4. ജില്ലാ കോ ഓർഡിനേറ്റർ,
   ഹയർ സെക്കണ്ടറി.

..ി.എൻ.16/01 പുറത്തെഴുത്ത് നമ്പർ A6-724/18 Dt 29/1/18
ജില്ലാ പഞ്ചായത്തിനു കീഴിൽ വരുന്ന സർക്കാർ സ്കൂൾ പ്രധാനാധ്യാപകരുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു.

29/1/18
for ജില്ലാ വിദ്യാ.ഓഫീസർ

Scanned by CamScanner